തിയും സാങ്കേതികാനുമതിയും നൽകി. ഈ റോഡിന്റെ പണി 3.5.86-ൽ ആരംഭിച്ചു.

(ബി) 3/0 മുതൽ 4/950 വരെയുള്ള ഭാഗത്തെ റോഡിന്റെ പണി ആരംഭിച്ചിട്ടില്ല. 1998-99-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 15 ലക്ഷം രൂപ അപര്യാപ്തമായിരുന്നു.

(സി) ഈ കൊല്ലത്തെ ബഡ്ജറ്റിൽ 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയാൽ പണി ആരംഭിക്കുന്നതാണ്.

(ഡി)&(ഇ) ആവശ്യമായ ഫണ്ട് വകകൊള്ളിച്ച് കഴിഞ്ഞാൽ പണി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

114 (1658) റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പണികൾ നടത്തുന്നതിന്റെ മാനദണ്ഡം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ റോഡുകളും പാലങ്ങളും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) സർക്കാർ ഉദ്ദേശിക്കുന്ന റോഡുകളും പാലങ്ങളും മാത്രമാണോ കോർപ്പറേഷൻ നിർമ്മിക്കുകയെന്നും അല്ലാതെ നേരിട്ട് പണികൾ നടത്തുവാൻ ഉദ്ദേശമുണ്ടോ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ റോഡുകളുടേയും പാലങ്ങളുടേയും വികസനം ലക്ഷ്യമാക്കി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ധനകാര്യസ്ഥാപനങ്ങളിൽനിന്നും സ്വകാര്യ ഏജൻസികളിൽനിന്നും പണം സ്വരൂപിച്ച് കൂടുതൽ റോഡുകളുടേയും പാലങ്ങളുടേയും പണികൾ ഏറ്റെടുത്ത് നടത്താനാണ് കോർപ്പറേഷന്റെ രൂപീകരണം കൊണ്ടുദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ തയ്യാറായിവരുന്നതേയുള്ളൂ.

115 (1659) മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്രകാലമായി ആരംഭിച്ച പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly